II ഇ.ബി. XV-കേരള നിയമസഭ/III-20

## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 നവംബർ 11, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

60 (*571 ) മഴക്കെടുതിയിലുണ്ടായ കൃഷിനാശത്തിന് ധനസഹായം

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 2021 ഒക്ടോബർ 16 മുതൽ 18 വരെയുണ്ടായ ശക്തമായ മഴയിൽ 21941.55 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 216.30 കോടി രൂപയുടെ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൃഷിനാശം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണനിധി, സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ മുഖേന മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

2018-ലെ പ്രളയത്തിൽ കൃഷി നശിച്ച അർഹരായ മുഴുവൻ കർഷകർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൃഷിനാശത്തിന് അടിയന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി നവംബർ 15 വരെ ദീർഘിപ്പിക്കുകയും അപേക്ഷകളിന്മേൽ 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. മുളയ്ക്കാത്തതും വിതച്ച നെല്ല് നഷ്ടപ്പെട്ടതുമായ കർഷകർക്ക് നെൽവിത്ത് സൗജന്യമായി നൽകുന്നതിന് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി സംസ്ഥാന/ജില്ലാ തലത്തിൽ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. 'ഇഞ്ചി' ഉൾപ്പെടെ കൂടുതൽ കൃഷിയിനങ്ങളുൾപ്പെടുത്തി 'സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി' പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമേ നഷ്ടപരിഹാരത്തുകയിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂവെന്നും നഷ്ടപരിഹാരത്തുക സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി

സ്വീകരിക്കുമെന്നും നെല്ല് സംഭരണം ഉറപ്പാക്കാനും പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനും ഫലപ്രദമായ ഇടപെടൽ നടത്തുമെന്നും ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രതിസന്ധികൾ അതിജീവിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ കൃഷിരീതികൾക്ക് മുൻതൂക്കം നൽകുമെന്നും കൃഷി ഓഫീസർമാരില്ലാത്ത സ്ഥലങ്ങളിൽ ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അഗ്രികൾച്ചറൽ ഓഫീസർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തിയിട്ടുണ്ടെന്നും രാസവളത്തിന്റെ ലഭ്യതക്കുറവ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, പശ്ചിമഘട്ടം എന്നിവയുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

61 (*572) പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016 മുതൽ 2021 വരെ 101 ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ടെന്നും

460 ബസ്സുകൾ വാങ്ങാനുള്ള  നടപടി അന്തിമഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി  ഡീസൽ ബസ്സുകൾ എൽ.എൻ.ജി./സി.എൻ.ജി.യിലേയ്ക്ക് മാറ്റുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് പൊതുമേഖലാ എണ്ണക്കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ 35 ഡീസൽ പമ്പുകളിൽ ഓട്ടോമേഷൻ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതുവഴി ഡീസൽ ഉപഭോഗവും ഇന്ധനക്ഷമതയും ഓൺലൈൻവഴി നേരിട്ട് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.  പരസ്യദാതാക്കളെ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും കോർപ്പറേഷന്റെ വസ്തുവകകളിൽ ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം ചെയ്യുന്നതിന് നിലവിൽ ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പരസ്യദാതാക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച് നിലവിലുള്ള നടപടി ക്രമങ്ങളിൽ  കാലോചിതമായ മാറ്റം വരുത്തി കൂടുതൽ സുതാര്യവും ലളിതവുമാക്കുന്നതിന്  നടപടി സ്വീകരിച്ചുവരികയാണ്.  കോവിഡ്

പ്രതിസന്ധി കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നതെന്നും 2020 നവംബർ മുതൽ ഇടക്കാലാശ്വാസമായി 1500/- രൂപ വീതവും 2021 മാർച്ച് മുതൽ 14% ക്ഷാമബത്തയും അനുവദിച്ചിട്ടുണ്ടെന്നും ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. നെയ്യാറ്റിൻകര, പാറശ്ശാല, കാട്ടാക്കട, വെള്ളറട ഡിപ്പോകൾ ശക്തിപ്പെടുത്തി യാത്രാക്ലേശം പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസിന് 120 ബസ്സുകൾ നൽകിയിട്ടുണ്ടെന്നും ആവശ്യകതയനുസരിച്ച് ശബരിമലയിലേയ്ക്ക് കൂടുതൽ സർവ്വീസ് നടത്തുമെന്നും തമിഴ്നാട് സർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കുമെന്നും ബസ് ഗ്യാരേജുകളുടെ നവീകരണത്തിന് കിഫ്ബി സഹായത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സജീവ പരിഗണനയിലാണെന്നും 'ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ബസ് ഡിപ്പോകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്ലെറ്റുകൾ നിർമ്മിച്ചുവരികയാണെന്നും കോവിഡ് കാലത്ത് പിടിച്ച ശമ്പളത്തിന്റെ അവസാന ഗഡു ഉൾപ്പെടെ കഴിഞ്ഞ മാസംവരെയുള്ള ശമ്പളവും പെൻഷനും വിതരണം ചെയ്തിട്ടുണ്ടെന്നും

എം-പാനൽ ജീവനക്കാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും കെ.എസ്.ആർ.ടി.സി. പമ്പുകളിൽ സ്വകാര്യവാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.